ഖുത്ബ
**19.11.2004**
ബയ്ത്തുൽ ഫുത്തൂഹ്,
ലണ്ടൻ.

بسم الله الرحمن الرحيم

# അന്യന്റെ ന്യൂനതകൾ തേടി നടക്കാതിരിക്കുന്നതിലാണ് നിങ്ങൾക്ക് രക്ഷയുള്ളത്.

മുസ്‌ലിംകളായ നമ്മൾ പരസ്പരം ഇടപഴകി ജീവിക്കുന്നതിനും സമൂഹത്തിൽ ഉൽകൃഷ്ടമായ സ്വഭാവങ്ങൾ പ്രകടിപ്പിക്കുന്നതിനും ഇസ്‌ലാം വളരെ ശക്തിചെലുത്തിയിരിക്കുന്നു. വിവിധ രീതികളിൽ അല്ലാഹു ഇക്കാര്യം പറഞ്ഞിട്ടുണ്ട്. നിങ്ങളുടെ ഉള്ളിൽ നല്ല സ്വഭാവങ്ങളുണ്ടാക്കുക. പരസ്പരം സന്തോഷത്തോടും സ്നേഹത്തോടും കൂടി ജീവിക്കുക. പരസ്പരം കടമകൾ നിറവേറ്റുക. തെറ്റുകളും പിഴവുകളും മനുഷ്യനിൽ ഉണ്ടായിക്കൊണ്ടിരിക്കുകയെന്നത് സാധാരണയാണ്. അതുകൊണ്ട് സ്വന്തം കൂട്ടുകാരുടെയും സഹോദരങ്ങളുടെയും അയൽവാസികളുടേയും അല്ലെങ്കിൽ ചുറ്റുപാടുമുള്ള ആളുകളുടേയും തെറ്റുകൾ കണ്ടുപിടിക്കുന്നതിനുവേണ്ടി എപ്പോഴും തക്കം പാർത്തിരിക്കാൻ പാടില്ല. ചാരവേല നടത്തുന്നതിൽ വ്യാപൃതരാകരുത്. എങ്ങനെ ഒരാളുടെ തെറ്റുതിരഞ്ഞുപിടിച്ച് പരത്താൻ കഴിയും എന്ന ചിന്തയിൽ നടക്കരുത്. ഇതു നിരർത്ഥകവും വ്യർത്ഥവുമായ പ്രവൃത്തിയാണ്. ഈ തെറ്റ് തിരഞ്ഞു കണ്ടുപിടിക്കുന്നവരും അതിനോട് താല്പര്യം പ്രകടിപ്പിക്കുന്നവരും പൊതുവെ, തെറ്റ് കണ്ടുപിടിച്ചുകഴിഞ്ഞാൽ ബ്ലാക്ക് മെയിൽ ചെയ്യാനും അവനെ പ്രയോജനപെടുത്താനും എന്തെങ്കിലും അവനെക്കൊണ്ട് ചെയ്യിക്കാനും ശ്രമിക്കുന്നു. വ്യക്തിഗതമായ തലം മുതൽ രാജ്യാന്തര തലം വരെ ഇത്തരം കാര്യങ്ങൾ നടന്നുവരുന്നു. ഇങ്ങനെ ചിലയാളുകളെ അവരുടെ സ്വന്തം രാഷ്ട്രത്തിന്നെതിരിലും ഉപയോഗിക്കാറുണ്ട്. വ്യക്തിഗതമായ നിലയിൽ ചിലയാളുകൾക്ക് തങ്ങളുടെ സഹോദരങ്ങളുടെ ന്യൂനത തിരഞ്ഞുനടക്കുന്ന ശീലമുണ്ട്. ഇങ്ങനെ ന്യൂനതകൾ തിരഞ്ഞ് പിടിച്ച്, ന്യൂനതകൾ ഒന്നും കിട്ടിയില്ലെങ്കിൽ അതും ഇതും പറഞ്ഞ് പെൺകുട്ടികളുടെ വിവാഹാലോചന തകർക്കുന്നതിന് പോലും ഒരു മടിയുമില്ലാത്തവരും അതിൽ നിന്ന് പിന്മാറാത്തവരുമുണ്ട്. വിവാഹാലോചന നടക്കുന്നിടത്തുപോയി വേണ്ടാത്തതൊക്കെ സംസാരിക്കുന്ന കാരണത്താൽ രണ്ടാം കക്ഷി ആ വിവാഹം നടത്തണോ വേണ്ടേ എന്ന ആശങ്കയിലായിപോകുന്നു. ഇതിന്റെ ഉദ്ദേശ്യം പെൺവീട്ടുകാരെ ബുദ്ധിമുട്ടിക്കുക എന്നതു മാത്രമായിരിക്കും. ചിലയാളുകൾ രസിക്കാൻവേണ്ടി നേരം പോക്ക് എന്ന നിലയിൽ ചിലരുടെ ന്യൂനതകൾ എടുത്ത് തുള്ളിച്ചാടാറുണ്ട്. പ്രയാസമുളവാക്കുന്ന ഈ അവസ്ഥ ഇന്നത്തെ സമൂഹത്തിൽ അധികമായി കാണുന്നു. പരസ്പരം ബന്ധപ്പെടാനുള്ള വഴി എളുപ്പമായതുകൊണ്ടാകാം ഇത്. എന്തായാലും, പ്രത്യേകമായി നേട്ടമുണ്ടാക്കുന്നതിനോ, ആരെയെങ്കിലും അപമാനിക്കുന്നതിനോ പറഞ്ഞ് രസിക്കുന്നതിനോ വേണ്ടി മറ്റുള്ളവരുടെ ന്യൂനതകളെയും തെറ്റുകളെയും പൊക്കിപിടിച്ച് നടക്കുന്നു. ചിലപ്പോൾ ആരെയെങ്കിലും കൊണ്ട് തെറ്റ് ചെയ്യിക്കുകയും എന്നിട്ട് അതിൽ നിന്ന് നേട്ടമുണ്ടാക്കുകയും ചെയ്യുന്ന അവസരങ്ങൾ ചിലർ സൃഷ്ടിക്കാറുണ്ട്. ഇത്തരം അവസ്ഥകളിൽ, ഞാൻ പറഞ്ഞതുപോലെ ഇസ്‌ലാം മാത്രമാണ് വ്യർത്ഥമായ ഈ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടാൻ നിർദ്ദേശിച്ചിരിക്കുന്നത്. ഇക്കാലത്തെ യഥാർത്ഥ ഇസ്‌ലാമിന്റെ മാതൃക കാണിക്കേണ്ട ആരെങ്കിലും ഉണ്ടെങ്കിൽ, ഉണ്ടാകേണ്ടതാണെങ്കിൽ അത് അഹ്‌മദികൾ മാത്രമാണ്. അതുകൊണ്ട് ആരുടെയെങ്കിലും ന്യൂനതയോ തെറ്റോ തിരഞ്ഞു നടക്കുകയെന്നത് വിദൂരമായ കാര്യമാണ്, ആരുടെയെങ്കിലും തെറ്റ് സന്ദർഭവശാൽ അറിയാൻ ഇടയായാൽ തന്നെ അതുപോലും മറച്ചുവയ്ക്കേണ്ടത് ഓരോ അഹ്‌മദിയുടെയും നിർബന്ധ കടമയാണ്. കാരണം ഓരോരുത്തർക്കും ഓരോ അഭിമാനമുണ്ട്. അത് ശ്രദ്ധിച്ച് പെരുമാറേണ്ടത് നിർബന്ധമാണ്. മറ്റുള്ളവരിൽ എന്തെങ്കിലും ദോഷം യഥാർത്ഥത്തിൽ ഉണ്ടെങ്കിൽ തന്നെ, അത് വെളിപ്പെടുത്തിയാൽ അതവർക്ക് അപമാനത്തിന് കാരണമാകും. എന്നുമാത്രമല്ല, അതു പറഞ്ഞുനടക്കുമ്പോൾ മറ്റുള്ളവർക്കും ആ ദോഷത്തെക്കുറിച്ചുള്ള ബോധം ഇല്ലാതാകുന്നു. പതുക്കെ പതുക്കെ സമൂഹത്തിലെ മറ്റുള്ളവരും അതിൽ കുടുങ്ങിപ്പോകുന്നു. അതുകൊണ്ട് സമൂഹത്തിൽ ഛിദ്രതയുണ്ടാക്കുന്ന കാര്യങ്ങൾ അല്ലെങ്കിൽ ഛിദ്രയുണ്ടാക്കാൻ ഇടയുള്ള കാര്യങ്ങൾക്കും പ്രചാരം നല്കരുതെന്നാണ് നമുക്കുള്ള വ്യക്തമായ കല്പന. അതിനെ പറഞ്ഞുപരത്തരുത്. ദുആ ചെയ്യുക. ആ ദോഷങ്ങളിൽനിന്ന് ഒരു ഭാഗത്തേക്ക് മാറി നില്ക്കുക. ആരൊടെങ്കിലും സഹതാപം ഉണ്ടെങ്കിൽ ദുആ ചെയ്യുകയും വ്യക്തിഗതമായ നിലയിൽ പറഞ്ഞ് മനസ്സിലാക്കി ആ ദോഷങ്ങളെ ദൂരീകരിക്കാൻ ശ്രമിക്കുകയും ചെയ്യുക എന്നതാണ് ചികിത്സ; ജമാഅത്തിൽ നഷ്ടം വരുത്തുന്നതോ ദോഷമുണ്ടാക്കുന്നതോ ആയ കാര്യങ്ങളൊഴികെ. അത്തരം കാര്യങ്ങൾ അറിഞ്ഞുകഴിഞ്ഞാൽ ബന്ധപ്പെട്ട ഭാരവാഹികളെയോ എന്നെയോ അക്കാര്യം അറിയിക്കാവുന്നതാണ്. ഇവിടെയും അവിടെയും പറഞ്ഞ് നടക്കാൻ ഒരവകാശവും ഇല്ല. അതിന്റെ ആവശ്യവുമില്ല. അതുമുഖേന ദോഷം പരന്നുപിടിക്കും. തെറ്റുചെയ്യുന്നവനെ അതിൽ നിന്ന് പിന്തിരിപ്പിക്കാനുള്ള ശ്രമം വിജയിക്കാതിരിക്കുകയോ അല്ലെങ്കിൽ കളവ് പറഞ്ഞ് തെറ്റായ വിശദീകരണം നല്കി താല്കാലികമായി

അയാൾ രക്ഷപ്പെടുകയോ ചെയ്താൽ ദുർബലരായ മറ്റുള്ളവരും അക്കാര്യം ചിലപ്പോൾ ചെയ്യുന്നതാണ്; രഹസ്യം വെളിപ്പെടുത്തുന്നതാണ്. കാരണം, തെറ്റു ചെയ്തവനെ പിടിച്ചിട്ട് ഉദ്യോഗസ്ഥന് എന്താണ് ചെയ്യാൻ കഴിഞ്ഞതെന്നായിരിക്കും അവർ ചിന്തിക്കുക. അതുകൊണ്ട് നേരംപോക്കിന് എന്തുവേണമെങ്കിലും പറയാം, വരുമ്പോൾ കാണാം എന്നവർ വിചാരിക്കും. ഇത്തരം വർത്തമാനങ്ങൾ തിന്മകൾ പരത്തുന്നതാണ്. ഇടയ്ക്കുനിന്ന് മറ നീങ്ങിപ്പോകും. എന്തായാലും ഇത് അത്തരക്കാരുടെ ചിന്താഗതിയാണ്. പോരായ്മയാണ്. തഖ്‌വയുടെ കുറവാണ്. പക്ഷെ, ജമാഅത്ത് വ്യവസ്ഥിതിയ്ക്കെതിരിലുള്ള സംസാരം കേട്ടാൽ അവിടെയും ഇവിടെയും പറഞ്ഞ് നടക്കാതെ ജമാഅത്തിനോട് മാത്രം അത്തരം കാര്യം പറയുക എന്നതാണ് ആ കേട്ടയാളുടെ കടമ. കാരണം ചിലപ്പോൾ കേൾക്കുന്നയാൾക്ക് തെറ്റുപറ്റാറുണ്ട്. ചിലപ്പോൾ പറയുന്നയാൾ ജമാഅത്തിനോട് ആത്മാർത്ഥതയുള്ളയാളായിരുന്നിട്ടും താല്കാലിക ആവേശത്താൽ എന്തെങ്കിലും പറയുന്നതാകും, പിന്നീട് അയാൾ അതിൽ ലജ്ജിക്കുകയും ചെയ്യും. ഒരു പ്രാവശ്യം പറയുന്നത് കേട്ടിട്ട് പിന്നീടത് മറ്റുള്ളവരിലേക്ക് പരത്തുന്നത് കൂടുതൽ നാണക്കേടിന് കാരണമാകും. ചിലപ്പോൾ ശരിയായ പദങ്ങൾ പറഞ്ഞിട്ടുണ്ടാകുകയില്ല. അതുകാരണം അക്കാര്യത്തിന്റെ ഭയാനകമായ രൂപം കാണാൻ തുടങ്ങുന്നു. എന്തായാലും അത്തരം എന്ത് ന്യൂനതയാണെങ്കിലും ഒന്നുകിൽ അയാളെ ഒറ്റയ്ക്ക് വിളിച്ച് കാര്യങ്ങൾ പറഞ്ഞ് കൊടുക്കുക. ഇല്ലെങ്കിൽ ഇത്തരം കാര്യം ഞാൻ കേട്ടു, നിങ്ങൾ അന്വേഷിക്കുക എന്ന് ജമാഅത്തിന്റെ ഭാരവാഹികളോട് പറയുക. പക്ഷെ, ആരുടെയെങ്കിലും അഭിമാനത്തിന് ക്ഷതമേല്ക്കുന്ന ഒരു കാര്യവും ഒരവസ്ഥയിലും പറഞ്ഞുപരത്തരുത്. ഇതേ തെറ്റ് ഏതെങ്കിലും നേരത്ത് നിങ്ങളിൽനിന്നും ഉണ്ടാകാം. അങ്ങനെ അപമാനവും ദുഷ്പേരുമുണ്ടാകുമ്പോൾ നിങ്ങൾക്ക് എത്രമാത്രം ബുദ്ധിമുട്ടുണ്ടാകും. ഈ വിചാരത്തോടു കൂടിയായിരിക്കണം ഓരോരുത്തരും മറ്റുള്ളവരെക്കുറിച്ച് പറയേണ്ടത്. ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: "ഇസ്‌ലാം സമർപ്പിച്ച അല്ലാഹു, മുസ്‌ലിംകൾ വിശ്വസിച്ച അല്ലാഹു, അവൻ കരുണാനിധിയും ഉദാരനും ശാന്തനും പശ്ചാത്താപം സ്വീകരിക്കുന്നവനും പൊറുത്തുകൊടുക്കുന്നവനുമാണ്. ആരാണോ സത്യഹൃദയത്തോടുകൂടി തൗബ ചെയ്യുന്നത്. അല്ലാഹു അവന്റെ തൗബ സ്വീകരിക്കുന്നു. അവന്റ പാപങ്ങൾ പൊറുത്തുകൊടുക്കുന്നു. എന്നാൽ ഭൗതികലോകത്തിലെ ഉറ്റ സഹോദരനോ മറ്റേതെങ്കിലും അടുത്ത ബന്ധുക്കളോ ആണെങ്കിൽ പോലും ഒരിക്കൽ ഒരു കുറ്റം കണ്ടാൽ, കുറ്റം ചെയ്തവൻ അതിൽനിന്ന് പശ്ചാത്തപിച്ചുമടങ്ങിയാൽ പോലും അവനെ കുറ്റക്കാരനായിത്തന്നെ കാണുന്നതാണ്, എന്നാൽ അല്ലാഹു അങ്ങനെയല്ല. മനുഷ്യൻ ആയിരക്കണക്കിന് പാപം ചെയ്താലും പശ്ചാത്തപിച്ച് മടങ്ങിയാൽ അവൻ പൊറുത്തുകൊടുക്കുന്നു. അല്ലാഹുവിന്റെ നിറത്താൽ നിറം പിടിച്ച പ്രവാചകന്മാരല്ലാതെ ലോകത്ത് ആരുംതന്നെ ഇത്രമാത്രം, മറ്റുള്ളവരുടെ ന്യൂനതകൾ മറച്ചുവെച്ച് പ്രവർത്തിക്കാറില്ല. പൊതുവായ നിലയിൽ നോക്കുമ്പോൾ അല്ലാഹു എല്ലാം അറിയുന്നവനായിട്ടും ന്യൂനതകൾ മറച്ചുവെയ്ക്കുന്നു. എന്നാൽ അയൽവാസി അങ്ങനെയല്ല. അവൻ അല്പം മാത്രം അറിയുന്നവനായിട്ടും ആ ന്യൂനത പ്രചരിപ്പിക്കുന്നു.

പറഞ്ഞു: നിങ്ങൾ ചിന്തിക്കുക അവന്റെ മഹാമനസ്കത, കരുണ എന്നീ സവിശേഷ ഗുണങ്ങൾ എത്രമാത്രം മഹത്തരമാണ്. അവൻ എതിരിൽവന്നാൽ എല്ലാത്തിനെയും നശിപ്പിക്കുമെന്നത് സത്യമായ കാര്യംതന്നെയാണ്. പക്ഷെ, അവന്റെ മഹാമനസ്കതയും കരുണയും വളരെ വിശാലമാണ്; അവന്റെ കോപത്തെ കവച്ചുവെയ്ക്കുന്നതാണ്."

മറ്റുള്ളവരുടെ ന്യൂനതകൾ മറച്ചുവെയ്ക്കാൻ എങ്ങനെയാണ് അവിടന്ന് പറഞ്ഞിട്ടുള്ളത് എന്ന് നോക്കുക. അല്ലാഹു ദയകാണിക്കുന്നവനാണ്. ആ ദയ എന്ന ഗുണം കാരണത്താൽ തന്റെ ദാസർക്ക് പൊറുത്തുകൊടുക്കുന്നു. ഒരുപാട് ദയാലുവാണ്. ഒരുപാട് നല്കുന്നവനാണ്. സഹനശീലനാണ്. തൗബ സ്വീകരിക്കുന്നവനാണ്. അതുകൊണ്ട്, ആരോട് എങ്ങനെയാണ് അല്ലാഹു പെരുമാറുന്നതെന്ന് മനുഷ്യൻ എങ്ങനെ അറിയാനാണ്? 'സഅ്ദി എന്ന മഹാൻ പറഞ്ഞ കാര്യം ഹസ്റത്ത് മസീഹ് മഊദ് (അ) എടുത്തു പറഞ്ഞു: അല്ലാഹു മനുഷ്യരുടെ ചില കാര്യങ്ങൾ നല്ലവണ്ണം അറിഞ്ഞിട്ടും അത് മറച്ചുവെയ്ക്കുന്നു. അയൽവാസിയാണെങ്കിലോ, അവൻ ഒരു കാര്യത്തെ സംബന്ധിച്ച് അതിന്റെ എല്ലാ വശങ്ങളെയും കുറിച്ച് അറിവ്പോലും ഉണ്ടാകുകയില്ല. ഒരു ആശയമെടുത്ത്, ഒരു കാര്യം മാത്രമെടുത്ത്. ഒരു വാക്യമെടുത്ത് അല്ലെങ്കിൽ ഒരു പദമെടുത്ത് അപമാനപെടുത്തുന്നതിനുവേണ്ടി ഒച്ചയും ബഹളവും ഉണ്ടാക്കുന്നു. അതിന് പരിധിയുണ്ടാകുകയില്ല. അതുകൊണ്ട് ഓരോരുത്തരും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു കണക്കെടുക്കുമ്പോൾ, ഒരു പക്ഷെ ഇവിടെവെച്ചുതന്നെ പിടിക്കപ്പെടാം. എന്നാൽ, അവന്റെ കരുണയും ഉദാരതയുമാണ് നമ്മെയെല്ലാം രക്ഷപ്പെടുത്തിയിരിക്കുന്നത്.

ഒരു ഹദീസിൽ വന്നിരിക്കുന്നു. നബി (സ) തിരുമേനി രഹസ്യവും സ്വകാര്യവും എന്ന നിലയിൽ പറഞ്ഞു: നിങ്ങളിലാരെങ്കിലും തന്റെ റബ്ബിന്റെ അടുത്തുണ്ടാകും. എത്രത്തോളമെന്നാൽ അവൻ തന്റെ കാരുണ്യത്തിന്റെ തണൽ അയാളുടെ മേൽ വിരിക്കും. എന്നിട്ട് നീ ഇന്നയിന്ന പ്രവൃത്തി ചെയ്തിരുന്നോ? എന്ന് അവനോട് ചോദിക്കും. എന്റെ നാഥാ ഞാൻ ചെയ്തിരുന്നുവെന്ന് അവൻ പറയും. ഈ പ്രവൃത്തിയും ചെയ്തിരുന്നോ എന്ന് വീണ്ടും അല്ലാഹു ചോദിക്കും. അവൻ അതും സമ്മതിക്കും. അപ്പോൾ അല്ലാഹു പറയും: ഞാൻ ഇഹലോകത്ത് നിന്റെ ന്യൂനതകൾ മറച്ചുവെച്ചു. ഇന്ന് പുനരുത്ഥാന നാളിലും നിന്റെ ന്യൂനതകൾ മറച്ചുവെയ്ക്കുകയും നിനക്ക് മാപ്പ് തരികയും ചെയ്തിരിക്കുന്നു.

ഹസ്റത്ത് മസീഹ് മൗഊദ് (അ) ഉം ഈ ഹദീസിന്റെ വിശദീകരണമാണ് നല്കിയിരിക്കുന്നത് എന്ന് തോന്നുന്നു.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഇബ്നു ഉമർ (റ) നിവേദനം ചെയ്യുന്നു. റസൂൽ (സ) പ്രഖ്യാപിച്ചിരിക്കുന്നു. മുസ്ലിം മുസ്ലിമിന്റെ സഹോദരനാണ്. അവനെ അക്രമിക്കുവാനോ അവനെ അവന്റെ ശത്രുവിന് ഏല്പിക്കുവാനോ പാടുള്ളതല്ല. വല്ലവനും തന്റെ സഹോദരന്റെ ആവശ്യനിർവഹണത്തിലാകുമ്പോൾ അല്ലാഹു അവന്റെയും ആവശ്യനിർവഹണത്തിൽ ഏർപ്പെടുന്നതാണ്. വല്ലവനും ഏതെങ്കിലും ഒരു മുസ്ലിമിന്റെ വിഷമങ്ങളകറ്റിയാൽ അന്ത്യദിനത്തിൽ അല്ലാഹു അവന്റെയും കഷ്ടപ്പാട് അകറ്റുന്നതാണ്. അതുപോലെ തന്നെ ഒരു മുസ്ലിമിന്റെ ന്യൂനതകൾ ആരെങ്കിലും മറച്ചുവെയ്ക്കുന്ന പക്ഷം, അന്ത്യദിനത്തിൽ അല്ലാഹു അവന്റെ ന്യൂനതകളും മറച്ച് വെയ്ക്കുന്നതാണ്.

നോക്കുക, അല്ലാഹുവിന്റെ സത്താരിസിഫത്ത് (ന്യൂനതകൾ മറച്ചുവെയ്ക്കൽ) മുഖേന തന്നെയാണ് പാപങ്ങൾ പൊറുക്കപ്പെടുന്നത്. തന്റെ സഹോദരനെ സഹായിക്കുന്നതിന് പരിശ്രമിക്കുവോളം എന്ന് മറ്റൊരു നിവേദനത്തിൽ വന്നിട്ടുണ്ട്. അതായത് സഹായിക്കുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്നാലും അല്ലാഹു ആ പരിശ്രമിക്കുന്നയാളെ സഹായിച്ചുകൊണ്ടിരിക്കുന്നതാണ്.

ഇതുപോലുള്ള മറ്റൊരു നിവേദനവുമുണ്ട്. എന്നാൽ, അതിൽ ന്യൂനതകൾ മറച്ചുവെയ്ക്കാത്തവർക്ക് ഒരു മുന്നറിയിപ്പുണ്ട്. ഭയപ്പെടുത്തലുണ്ട്. നബി (സ) തിരുമേനി പറഞ്ഞു, ആരാണോ തന്റെ മുസ്ലിം സഹോദരന്റെ ന്യൂനത മറച്ചുവെച്ചത് അല്ലാഹു തആല ഖിയാമത്തുനാൾ അവന്റെ ന്യൂനകൾ മൂടിവെയ്ക്കുന്നതാണ്. മറച്ചുവെയ്ക്കുന്നതാണ്. ആരാണോ തന്റെ മുസ്ലിം സഹോദരന്റെ ന്യൂനത പരസ്യപ്പെടുത്തുന്നത് അല്ലാഹു തആല അവന്റെ ന്യൂനതയേയും നഗ്നതയേയും അവന്റെ വീട്ടിൽ അവനെ നിന്ദിക്കുന്ന വിധത്തിൽ വെളിപ്പെടുത്തുന്നതാണ്."

നോക്കുക, എത്രമാത്രം വലിയ മുന്നറിയിപ്പാണ്. ബലഹീനതകൾ എല്ലാവരിലുമുള്ളതാണ്. അല്ലാഹുതആല നഗ്നത വെളിപ്പെടുത്തി അപമാനിക്കാൻ തുടങ്ങിയാൽ പിന്നെ മനുഷ്യന് ഒരു അഭയകേന്ദ്രവുമുണ്ടാവുകയില്ല. അതുകൊണ്ട് എപ്പോഴും മറ്റുള്ളവരുടെ ന്യൂനതകൾ തേടിപിടിക്കുന്നതിനുപകരം ഓരോരുത്തരും തന്നിലേക്ക് തന്നെ ദൃഷ്ടി പതിപ്പിക്കേണ്ടതാണ്.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: "ഇഹത്തിൽ വെച്ച് ഒരു ദാസൻ മറ്റൊരു ദാസന്റെ ന്യൂനതകൾ മറച്ചുവെച്ചാൽ, പരലോകത്തിൽ അല്ലാഹു അവന്റെ ന്യൂനതയും തീർച്ചയായും മറച്ചുവെയ്ക്കുന്നതാണ്."

അതായത് ന്യൂനതകൾ മറച്ചുവെച്ചാൽ അല്ലാഹു പ്രതിഫലം നല്കാതിരിക്കുകയില്ല. ഖിയാമത്തുനാൾ അതിനു പ്രതിഫലം നല്കുന്നതാണ്. തിന്മ പരസ്യപ്പെടുത്തുമ്പോൾ അത് വ്യാപിക്കുന്നതാണ്. സമൂഹത്തെ മുഴുവനും അത് ബാധിക്കുമോ എന്ന ആശങ്കയുമുണ്ടാകും. അതുകൊണ്ട് തിന്മ ഒരിക്കലും പരസ്യപ്പെടുത്തരുത്. അതുമുഖേന തിന്മ പ്രചരിക്കുന്നതാണ്. അനുഭവത്തിലൂടെ മനസ്സിലാക്കാവുന്ന കാര്യമാണിത്. നോക്കിക്കൊണ്ടിരിക്കെയാണ് ആ തിന്മകൾ പ്രചാരം നേടുന്നത്. ഇതിനെക്കുറിച്ച് നബി(സ) തിരുമേനി നമ്മെ താക്കീത് ചെയ്തിരിക്കുന്നു. അവിടന്ന് (സ) പറഞ്ഞു: "നീ ജനങ്ങളുടെ ന്യൂനതകളുടെ പിന്നാലെ തൂങ്ങിയാൽ നീ അവരെ നശിപ്പിക്കുന്നതാണ്. അല്ലെങ്കിൽ അവർ നശിക്കാനുള്ള വഴി ഒരുക്കുന്നതാണ്." ന്യൂനതകളുടെ പിന്നാലെ നടക്കുന്നതിന്റെ ഉദ്ദേശ്യം തന്നെ അതായിരിക്കും. ഏതൊരു തിന്മയും പ്രചരിപ്പിക്കുകയാണെങ്കിൽ നാശം ഉണ്ടാകും. ഇതിൽ ചാരവൃത്തി നടത്തി മറ്റുള്ളവരുടെ തിന്മ കണ്ടുപിടിക്കുന്നവർക്ക്, അല്ലെങ്കിൽ ന്യൂനതകൾ പ്രചരിപ്പിക്കുന്നവർക്ക്, 'ഇങ്ങനെ നിങ്ങൾ സംസ്കരണ പ്രവൃത്തി ചെയ്യുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കേണ്ട, മറിച്ച് നിങ്ങൾ നശിപ്പിക്കുകയാണ് ചെയ്യുന്നത്' എന്ന് മനസ്സിലാക്കിക്കൊടുക്കുകയാണ്. ലോകത്തു വിവിധതരം സ്വഭാവക്കാരാണുള്ളത്. ചിലപ്പോൾ തങ്ങൾക്കെതിരിലുള്ള വിമർശനം കേട്ട് പ്രതികരണം എന്ന നിലയിൽ കൂടുതൽ തന്റേടത്തോടെ തിന്മ ചെയ്യാൻ തുടങ്ങുന്നു. കാരണം, 'ഇപ്പോൾ എല്ലാവരും എന്തായാലും അറിഞ്ഞു, നാണം കെടുകയും ചെയ്തു' എന്ന ചിന്താഗതിയായിരിക്കും ചിലരിലുണ്ടാവുക. ഇതുമുഖേന, നന്നാക്കിയെടുക്കാമെന്ന വശം തികച്ചും അവസാനിച്ചുപോകുന്നു. ആരുടെയെങ്കിലും ന്യൂനതയോ ബലഹീനതയോ ഭാരവാഹികൾ മുഖേന പുറത്തു വന്നാൽ, ജമാഅത്ത് വ്യവസ്ഥിതിക്കെതിരിലും പ്രതികരണം ഉണ്ടാവുന്നു. അതുകൊണ്ട് ഭാരവാഹികളും വളരെ സൂക്ഷിക്കേണ്ടതുണ്ട്. പറഞ്ഞു: പിന്നീട് അതിന്റെ ഉത്തരവാദി ആ പരസ്യപ്പെടുത്തുന്ന ആളാണ്. ആരാണോ ഇക്കാര്യം പുറത്തുവിട്ടത് അവനാണ് ഉത്തരവാദി. പരസ്യപ്പെടുത്തുന്നവനുള്ള മുന്നറിയിപ്പ് ആദ്യം പറഞ്ഞ ഹദീസിൽ നിങ്ങൾ കേട്ടുകഴിഞ്ഞതാണ്. ഒരു തിന്മ പരസ്യപ്പെടുത്തുമ്പോൾ അതിന്റെ ഉളുപ്പ് തന്നെ അവശേഷിക്കുകയില്ല. പതുക്കെ പതുക്കെ ഈ തിന്മകൾ വെളിവാകാൻ തുടങ്ങിയാൽ സമൂഹത്തിൽ പിന്നെ തിന്മ ചെയ്യാൻ മടിയുണ്ടാവുകയില്ല. അനുഭവത്തിലൂടെ സ്ഥാപിതമായ കാര്യമാണിത്. ഞാൻ പറഞ്ഞതുപോലെ, നാണമില്ലാതായാൽ പിന്നെ തിന്മയാണെന്ന ബോധം തന്നെ ഉണ്ടാവുകയില്ല. ഉദാഹരണത്തിന് നിങ്ങൾ നോക്കുക. ഇക്കാലത്ത് സിനിമ, നാടകം തുടങ്ങിയവ ടി.വിയിൽ കാണിക്കാറുണ്ട്. അതിൽ കൊലപാതകങ്ങളും തട്ടിക്കൊണ്ടുപോകലും മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും ഉപയോഗങ്ങളും പ്രദർശിപ്പിക്കാൻ തുടങ്ങിയ കാലം മുതലാണ് ഈ തിന്മകളും സമൂഹത്തിൽ കൂടുതൽ വ്യാപിക്കാൻ തുടങ്ങിയത്. ടി.വി തുടങ്ങിയ

മാധ്യമങ്ങൾ ഇതു വ്യാപിപ്പിക്കുന്നതിൽ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. തങ്ങൾ സംസ്കരണമാണ് നടത്തുന്നത് എന്ന വ്യാജേന പറയുന്നതെന്താണ്? നോക്കുക, അവസാനഫലം എന്താണ്, കുറ്റവാളികൾ പിടിക്കപ്പെട്ടില്ലേ എന്ന് ചോദിക്കുന്നു. എന്നാൽ അതിലെ അവസാനത്തെ ഫലം ആരും നോക്കാറില്ല, മനസ്സിലാക്കുകയുമില്ല. പക്ഷെ അതിലെ തിന്മകൾ തീർച്ചയായും വ്യാപിക്കുന്നു. ഈ ടീവിയും നാടകവും കണ്ടുകൊണ്ടുതന്നെയാണ് കുട്ടികളുടെ ധാരണകൾ നശിക്കുന്നത്. യുവത്വത്തിലേക്ക് പദം വെയ്ക്കുമ്പോൾ, ദരിദ്ര രാഷ്ട്രങ്ങൾ തങ്ങളുടെ ആവശ്യത്തിനുവേണ്ടിയും സമ്പന്ന രാഷ്ട്രങ്ങൾ തങ്ങളുടെ ആഢംബരത്തിനുവേണ്ടിയും അതേ പ്രവർത്തനം തുടങ്ങുന്നു. സ്വാതന്ത്ര്യത്തിന്റെ പേരിൽ ഒരുപാട് നാണം കെട്ട പ്രവൃത്തികളും അസാന്മാർഗിക പ്രവണതകളും ഇവിടെ നടന്നുവരുന്നു; പാശ്ചാത്യസമൂഹത്തിൽ. നബി(സ) തിരുമേനി പറഞ്ഞത്, ഈ തിന്മകൾ പരസ്യപ്പെടുത്തുമ്പോൾ നിങ്ങൾ കൂടുതൽ നശീകരണമാണ് ഉണ്ടാക്കുന്നത് എന്നാണ്. ഇക്കാലത്ത് നിങ്ങൾ ഒന്ന് വിലയിരുത്തുകയാണെങ്കിൽ, ഞാൻ പറഞ്ഞതുപോലെ ഈ തിന്മകൾ പരസ്യപ്പെടുത്തുന്നത് കാരണത്താലാണ് തിന്മകൾ വ്യാപിക്കുന്നതെന്ന് കാണാൻ കഴിയും. അല്ലാഹു തആല നമ്മുടെ സന്താനങ്ങളെ ഇത്തരം തിന്മകളിൽനിന്ന് സുരക്ഷിതരാക്കിവെക്കുമാറാകട്ടെ.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: "നിശ്ചയമായും അല്ലാഹു ലജ്ജയേയും ന്യൂനതകൾ മറച്ചുവയ്ക്കുന്നതിനെയും ഇഷ്ടപ്പെടുന്നു." നോക്കുക, ഇതും ആദ്യ ഹദീസിലെ വിഷയവുമായി ചേർന്നുവരുന്ന ഹദീസാണ്. ഇന്നു വ്യാപിച്ചിരിക്കുന്ന ഈ ലജ്ജയില്ലായ്മ, മാധ്യമങ്ങളിലൂടെ പരത്തുന്ന ഈ ലജ്ജയില്ലായ്മ, ഇതിൽ നാണവും ന്യൂനതയും മറച്ചുവെയ്ക്കലും നിലനിർത്തുകയാണെങ്കിൽ പകുതിയിലേറെ തിന്മയും നാശവും കുടുംബപ്രശ്നങ്ങളും കുറ്റകൃത്യങ്ങളും ഇല്ലാതാകും. സമൂഹത്തിലെ അഴുക്കും തിന്മകളും ഇല്ലാതാകും. കാരണം പത്രങ്ങളും ടി.വിയും ലജ്ജയെന്ന ബോധം തന്നെ ഇല്ലാതാക്കിയിരിക്കുകയാണ്. പാർക്കുകളിലും മറ്റും തുറന്ന നിലയിലാണ് അസഭ്യത നടമാടുന്നത്. ഇതെല്ലാം ലജ്ജയിൽ വന്ന കുറവുകൊണ്ടാണ്, നാണമില്ലാത്ത കാരണത്താലാണ്. പാശ്ചാത്യദേശങ്ങളിൽ ലജ്ജയുടെയും നഗ്നതയുടെയും നിലവാരം തന്നെ തികച്ചും മാറിപ്പോയിരിക്കുന്നു. അതുകൊണ്ട് അവിടെയും ഇവിടെയും നോക്കുന്നതിനുപകരം, മറ്റുള്ളവരുടെ ന്യൂനതകൾ തേടി അലഞ്ഞുനടക്കുന്നതിനുപകരം നാം നമുക്ക് വേണ്ടിയും നമ്മുടെ മക്കൾക്കുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്; അല്ലാഹു ഇത്തരം കാര്യങ്ങളിൽ നിന്ന് നമ്മെ സുരക്ഷിതരാക്കുന്നതിനുവേണ്ടി.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) തിരുമേനി പറഞ്ഞു. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ ഏറ്റവും വലിയ മേന്മയുള്ള വചനം, മാ അസാബക്കും എന്നു തുടങ്ങുന്ന വചനം അവിടന്ന് ഓതി. ഏതൊരു വിപത്ത് നിങ്ങളെ ബാധിക്കുന്നുവോ അത് നിങ്ങളുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ്. എന്നാൽ അധികവും അവൻ മാപ്പാക്കുന്നു (42:31) മാ അസ്വാബക്കും എന്നതിനെ ഇങ്ങനെ വ്യാഖ്യാനിച്ചു. ശിക്ഷയും മറ്റുള്ള ഭൗതികവിപത്തുകളും മനുഷ്യന്റെ തെറ്റായ പ്രവർത്തനം മൂലമാണുണ്ടാകുന്നത്. പരലോകത്ത് അതിന് വീണ്ടും ശിക്ഷ നല്കുകയെന്നത് അല്ലാഹുവിന്റെ ദയയ്ക്ക് വിരുദ്ധമാണ്. ദുൻയാവിൽ ശിക്ഷ നല്കാതെ അവൻ മാപ്പാക്കിയ തെറ്റുകൾ, മാപ്പുകൊടുത്തതിനും വിട്ടുവീഴ്ച ചെയ്തതിനും ശേഷം വീണ്ടും ശിക്ഷിക്കുന്നത് അവന്റെ സഹിഷ്ണുതയ്ക്ക് വിരുദ്ധമാണ്.

ഈ ഹദീസുകളിൽ നിന്ന് അല്ലാഹു മനുഷ്യരോട് ചെയ്യുന്ന സൗമ്യമായ പെരുമാറ്റം പ്രകടമാകുന്നുണ്ട്. അതുകൊണ്ട് അല്ലാഹുവിന്റെ സൃഷ്ടികളുടെ ന്യൂനതകൾ പൊക്കിപിടിച്ച് പരസ്യപ്പെടുത്തി നടക്കാൻ മനുഷ്യനും അവകാശമില്ല. എന്നുമാത്രമല്ല മറ്റുള്ളവർക്ക്വേണ്ടിയും തനിക്ക് വേണ്ടിയും ദുആ ചെയ്യേണ്ടതാണ്; അല്ലാഹു എപ്പോഴും ന്യൂനതകൾ മറച്ചുവെയ്ക്കുന്നതിനുവേണ്ടി. അതിനായി നബി(സ) നമ്മെ ദുആയും പഠിപ്പിച്ചിട്ടുണ്ട്. അതിന്റെ തർജ്ജമ ഇങ്ങനെയാണ്. അല്ലാഹുവേ! ഞാൻ നിന്നോട് ഇഹത്തിലും പരത്തിലും സൗഖ്യം തേടുന്നു. രക്ഷിതാവേ! ഞാൻ നിന്നോട് ആത്മീയതയിലും ഭൗതീകതയിലും ധനത്തിലും വീട്ടുകാര്യങ്ങളിലും മാപ്പും സൗഖ്യവും തേടുന്നു. അല്ലാഹുവേ! എന്റെ ന്യൂനതകൾ മറച്ചുവെച്ചാലും. എനിക്ക് നിന്റെ ഭയത്തിൽനിന്ന് സമാധാനം നല്കിയാലും. അല്ലാഹുവേ! മുമ്പും പിമ്പും ഇടത്തും വലത്തും എന്നെ സംരക്ഷിക്കേണമേ. മറഞ്ഞിരിക്കുന്ന ഏതെങ്കിലും വിപത്തിന് ഇരയാകാതിരിക്കാൻവേണ്ടി ഞാൻ നിന്റെ മഹത്വത്തിൽ അഭയം തേടുന്നു.

ഹസ്റത്ത് മസീഹ് മഊദ് (അ) ഇതു സംബന്ധമായി തന്റെ മാനസികാവസ്ഥ എന്തായിരുന്നുവെന്ന് പറഞ്ഞത് ഞാൻ സമർപ്പിക്കുകയാണ്. അവിടന്ന് പറയുന്നു: കൊലപാതകാരോപണക്കേസിൽ നമ്മുടെ എതിർ സാക്ഷിയുടെ മാനം കോടതിയിൽ ദുർബലമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി നമ്മുടെ വക്കീൽ ആ സാക്ഷിയുടെ ഉമ്മയുടെ പേര് ചോദിക്കാനാഗ്രഹിച്ചു. എന്നാൽ ഞാനതു തടഞ്ഞു. മറുപടി പറയാൻ പറ്റാത്ത ചോദ്യങ്ങളൊന്നും അയാളോട് ചോദിക്കരുതെന്ന് ഞാൻ പറയുകയും ചെയ്തു. വാസ്തവത്തിൽ അവർ തന്നെയാണ് എനിക്കെതിരെയുള്ള കള്ളകേസ്സ് കൊടുത്തത്, വ്യാജാരോപണമുന്നയിച്ചത്, കെട്ടിച്ചമച്ച് പറഞ്ഞത്. കൊലപാതകാരോപണകുറ്റം ആരോപിക്കുന്നതിന് ഒരു മടിയും കാണിച്ചതുമില്ല. എന്റെ അഭിമാനത്തിനുമേൽ എന്തെന്തെല്ലാം ആക്രമണങ്ങളാണ് അവർ നടത്തിയത്. എന്റെ വക്കീലിനെ അത്തരം ചോദ്യം ചോദിക്കുന്നതിൽനിന്ന് തടയാൻ എന്നെ പ്രേരിപ്പിച്ച ആ ഭയമെന്താണ്? ഒന്നുമാത്രമാണ് അതിനുകാരണം. ആരുടെയെങ്കിലും ഹൃദയത്തിന് ക്ഷതമേല്ക്കുന്ന ഒരു പ്രവൃത്തിയും ഞാൻ ഇഷ്ടപ്പെട്ടിരുന്നില്ല എന്ന

തുതന്നെ. അയാൾക്കു രക്ഷപ്പെടാൻ മറ്റുമാർഗമൊന്നുമില്ലാത്ത അവസ്ഥ ഉണ്ടാകരുത്.

ആത്മാർത്ഥതയുള്ള ഒരു ശിഷ്യൻ അവിടെ ഇരിപ്പുണ്ടായിരുന്നു. ആ ചോദ്യം ചോദിക്കാതിരുന്നത് ശരിയായില്ല എന്നയാൾ പറഞ്ഞു. (അയാളെ തരം താഴ്ത്തുന്നതിന് അതു ചോദിക്കുകതന്നെവേണമായിരുന്നു.) അവിടന്ന് പറഞ്ഞു: എന്റെ ഹൃദയം അതനുവദിച്ചില്ല (അയാൾ വലിയ ദേഷ്യത്തിലായിരുന്നുവെന്നാണ് തോന്നുന്നത്) തീർച്ചയായും ആ സാക്ഷിയോട് ആ ചോദ്യം ചോദിക്കണമായിരുന്നുവെന്ന് വീണ്ടും അയാൾ പറഞ്ഞു. അവിടന്ന് പറഞ്ഞു, അല്ലാഹു എന്റെ ഹൃദയം ഇങ്ങനെതന്നെയാണ് സൃഷ്ടിച്ചിട്ടുള്ളത്. പിന്നെ ഞാനെന്ത് ചെയ്യാനാണ്?

ഈ ഹൃദയമാണ് ജമാഅത്തിലെ ഓരോരുത്തർക്കുമുണ്ടാകാൻ അവിടന്ന് ആഗ്രഹിച്ചിരുന്നത്. ഈ അദ്ധ്യാപനമാണ് അവിടന്ന് നമുക്ക് നല്കിയിട്ടുള്ളത്. ഇത് ഇസ്‌ലാമിന്റെ ശരിയായ ചിത്രമാണ്.

വീണ്ടും അവിടന്ന് പറഞ്ഞു: ആരാണോ സുഹൃദ് ബന്ധം ഉടമ്പടി ചെയ്തത് അയാളാരായാലും അയാളുമായി ബന്ധം വിച്ഛേദിക്കാൻ എനിക്കു കഴിയുകയില്ല. അയാൾ സ്വയം ബന്ധം വിച്ഛേദിക്കുകയാണെങ്കിൽ നമുക്കൊന്നും ചെയ്യാൻ കഴിയുകയുമില്ല. നമ്മുടെ മതം എന്താണെന്നുവെച്ചാൽ, നമ്മുടെ സുഹൃത്തുക്കളിൽ ആരെങ്കിലും മദ്യപിച്ച് ബോധം കെട്ട് ബസാറിൽ വീണുകിടന്നാൽ ഒരു ആക്ഷേപകന്റെയും ആക്ഷേപത്തെ ഭയക്കാതെ നാം അവനെ എടുത്തുകൊണ്ടുവരുന്നതാണ്. സുഹൃദ് ബന്ധ പ്രതിജ്ഞ വളരെ വിലപിടിപ്പുള്ള രത്നമാണ്. അതിനെ നിസ്സാരമായി തള്ളിക്കളയരുത്. സുഹൃത്തുക്കളിൽ നിന്ന് അസഹ്യമായി എന്തെങ്കിലും അനുഭവപ്പെട്ടാൽ വിട്ടുവീഴ്ചയുടെ രീതി സ്വീകരിക്കേണ്ടതാണ്, മാപ്പുകൊടുക്കേണ്ടതാണ്.

മൗലവി ശേർ അലി സാഹിബ് ഇങ്ങനെ പറയുകയുണ്ടായി. തന്റെ നിവേദനത്തിൽ അദ്ദേഹം എഴുതിയിരിക്കുന്നു, അവനെ ബോധാവസ്ഥയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നതാണെന്നും ബോധം തെളിഞ്ഞുകഴിഞ്ഞാൽ, തന്നെകണ്ടാൽ നാണക്കേടുണ്ടാകാതിരിക്കുന്നതിനുവേണ്ടി അവിടെ നിന്ന് എഴുന്നേറ്റു പോയ്ക്കളയുമെന്നും.

ജമാഅത്തിനോട് അവിടന്ന് ഉപദേശിച്ചതും ജമാഅത്തംഗങ്ങൾ ഒരു കുടുംബം പോലെയാണെന്നാണ്. നിങ്ങളുടെ സഹോദരനാണ്. സഹോദരന്മാരായിക്കഴിയുക. പരസ്പരമുള്ള ന്യൂനതകൾ മറച്ച് വെയ്ക്കുക.

ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സന്നിധിയിൽ ആരോ ഒരാളുടെ ന്യൂനതകളെക്കുറിച്ച് പറഞ്ഞു. അതുകേട്ടപ്പോൾ അവിടന്ന് അയാളോട് പറഞ്ഞു: അവന്റെ ന്യൂനതകളും ബലഹീനതകളും നിങ്ങൾ എണ്ണിപ്പറഞ്ഞു. അവന്റെ സൽഗുണങ്ങളെക്കുറിച്ചും പറഞ്ഞിരുന്നെങ്കിൽ! നന്മകൾ പറയുന്നതുകൊണ്ട് നന്മകൾ വ്യാപിക്കുന്നതാണ്. ഒരാൾ സാമ്പത്തിക ത്യാഗം ചെയ്തു. ഒരാൾ വേറൊരു ത്യാഗം ചെയ്തു. ആ ത്യാഗത്തെക്കുറിച്ച് പറയുമ്പോൾ മറ്റുള്ളവർക്കും അത് ചെയ്യാൻ പ്രേരണയുണ്ടാകും. എന്നാൽ തിന്മകൾ മാത്രമാണ് സമൂഹത്തിൽ ചർച്ച ചെയ്യുന്നതെങ്കിൽ തിന്മകൾ തന്നെയായിരിക്കും വ്യാപിക്കുക. ഞാൻ പറഞ്ഞതുപോലെ പിന്നീട് മാനദണ്ഡം അവസാനിച്ചുപോകും. ലജ്ജയില്ലാതാകും. മറ്റുള്ളവന്റെ തിന്മകൾ പറഞ്ഞ് പരത്തുമ്പോൾ അവന് നാശമടയാനുള്ള അവസരമാണ് ഒരുക്കിക്കൊടുക്കുന്നത്. സൽഗുണങ്ങളാണ് പറയുന്നതെങ്കിൽ അതിൽനിന്ന് രക്ഷപ്പെടാൻ കഴിയും. സമൂഹം കൂടുതൽ നാശത്തിൽനിന്ന് രക്ഷപ്പെടും. മറ്റുള്ളവരുടെ തിന്മകൾ പറഞ്ഞ് മനുഷ്യൻ സ്വയം പാപിയായിത്തീരുന്നു. നന്മകൾ മാത്രം പറയുകയാണെങ്കിൽ ഇതിൽനിന്ന് രക്ഷപ്പെടാവുന്നതാണ്. ന്യൂനതകൾ മറച്ച് വയ്ക്കുക എന്ന ഗുണം മറ്റു പല നന്മകൾക്കും ജന്മം നല്കുന്നു.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: മനുഷ്യന്റെ ന്യൂനതകളെ അല്ലാഹു തആല വാസ്തവത്തിൽ മറച്ചുവയ്ക്കുന്നു. കാരണം അല്ലാഹു സത്താറാണ്. അല്ലാഹുവിന്റെ സത്താറെന്ന ഗുണം ഒരുപാടാളുകളെ നല്ലവരാക്കി നിറുത്തിയിരിക്കുന്നു. അല്ലാഹു ന്യൂനതകളെ മറച്ചുവെച്ചില്ലായിരുന്നുവെങ്കിൽ മനുഷ്യനിൽ എന്തെന്തെല്ലാം അഴുക്കുകൾ മറഞ്ഞിരിക്കുന്നുവെന്ന് അറിയാൻ കഴിയുമായിരുന്നു. മനുഷ്യന്റെ സത്യവിശ്വാസത്തിന്റെ സൗന്ദര്യവും തഖല്ലുഖ് ബി അഖ്‌ലാഖില്ലായിലാണ്. അതായത് എന്തെന്തെല്ലാം ഉന്നതമായ സ്വഭാവഗുണങ്ങളാണോ അല്ലാഹുവിലുള്ളത്, അത് കഴിവിന്റെ പരമാവധി പിൻപറ്റുക. അല്ലാഹുവിന്റെ നിറത്താൽ സ്വയം നിറം പിടിപ്പിക്കുന്നതിനുവേണ്ടി ശ്രമിക്കുക. അല്ലാഹുവിൽ മാപ്പുകൊടുക്കുക എന്ന ഗുണം ഉണ്ട്. മനുഷ്യനും മാപ്പുകൊടുക്കണം. ദയയുണ്ട്, സഹിഷ്ണുതയുണ്ട്, ഉദാരതയുണ്ട്. മനുഷ്യനും ദയ കാണിക്കണം, സഹിഷ്ണുത കാണിക്കണം. അല്ലാഹു സത്താറാണ്. മനുഷ്യനും സത്താരിയ്യത്ത് എന്ന ഗുണത്തിൽ ഭാഗഭാക്കാകണം. സഹോദരങ്ങളുടെ ന്യൂനതകളും പാപങ്ങളും മറച്ച് വയ്ക്കേണ്ടതാണ്. ആരുടെയെങ്കിലും ന്യൂനതയോ കുറവോ കണ്ടാൽ അത് നല്ലവണ്ണം പ്രചരിപ്പിക്കാത്തിടത്തോളം അവരുടെ ഭക്ഷണം ദഹിക്കുകയില്ലെന്നത് ചിലരുടെ ശീലമാണ്. പറഞ്ഞു: ഹദീസിൽ വന്നിരിക്കുന്നു. ആരാണോ തന്റെ സഹോദരന്റെ ന്യൂനത മറച്ച് വയ്ക്കുന്നത് അല്ലാഹു തആല അവന്റെ ന്യൂനതയും മറച്ച് വെയ്ക്കുന്നതാണ്. മനുഷ്യൻ ലജ്ജാഹീനമായ പ്രവൃത്തി ചെയ്യാതിരിക്കേണ്ടതാണ്. ജനങ്ങളോട് ദുഷ്പെരുമാറ്റം പാടില്ല. സ്നേഹത്തോടും നന്മയോടുംകൂടി പ്രവർത്തിക്കുക.

വീണ്ടും അവിടന്ന് പറഞ്ഞു: ജമാഅത്തിന്റെ ആരംഭാവസ്ഥയാണിത്. ചില ബലഹീനതകൾ ഉണ്ട്. കഠിനമായ രോഗത്തിൽനിന്ന് ഒരാൾ സുഖം പ്രാപിച്ചുവരുമ്പോൾ കുറച്ചു ശക്തി ലഭിക്കുന്നു. അതുകൊണ്ട് ആരെയെങ്കിലും ദുർബലനായിക്കണ്ടാൽ അവനെ രഹസ്യമായി ഉപദേശിക്കുക. സ്വീകരിക്കുന്നില്ലെങ്കിൽ അവനുവേണ്ടി പ്രാർത്ഥിക്കുക. ഈ

രണ്ടുകാര്യവും കൊണ്ട് പ്രയോജനമില്ലെങ്കിൽ അല്ലാഹുവിന് വിടുക. അല്ലാഹു അവനെ സ്വീകരിച്ച സ്ഥിതിക്ക് നിങ്ങൾ ആരുടെയെങ്കിലും ന്യൂനതകൾ കണ്ട് തുറന്ന നിലയിൽ വികാരം പ്രകടിപ്പിക്കാതിരിക്കുക. അയാൾ നല്ലവനായിത്തീരാൻ ഇടയുണ്ട്. ഖുത്ബീംകളിൽ നിന്നും അബ്ദാലുകളിൽ നിന്നും ചില നേരത്ത് ചില കുറ്റങ്ങൾ ഉണ്ടാകാം. അൽ ഖുത്ബു ഖദ് ജസ്നി എന്നു എഴുതിയിട്ടുണ്ട്. അതായത് ഖുത്ബിൽ നിന്നും വ്യഭിചാരം ഉണ്ടാകാം. ഒരുപാട് കള്ളന്മാരും വ്യഭിചാരികളും അവസാനം ഖുത്ബും അബ്ദാലുമായിത്തീർന്നിട്ടുണ്ട്. തിടുക്കത്തിൽ ആരെയെങ്കിലും ഉപേക്ഷിച്ച് തള്ളുന്നത് നമ്മുടെ രീതിയല്ല. ആരുടെയെങ്കിലും കുട്ടി ദുഷിച്ചുപോയാൽ അവനെ നന്നാക്കിയെടുക്കാൻ ശ്രമിക്കുന്നു. അതുപോലെ തന്നെ നിങ്ങൾ നിങ്ങളുടെ സഹോദരനെയും ഉപേക്ഷിച്ച് കളയരുത്. അവനെ നന്നാക്കിയെടുക്കാൻ പൂർണ്ണമായും ശ്രമിക്കേണ്ടതാണ്. ന്യൂനത കണ്ടാൽ അത് പ്രചരിപ്പിക്കുകയെന്നത് വിശുദ്ധഖുർആന്റെ അദ്ധ്യാപനമേയല്ല; മറ്റുള്ളവരോട് പറഞ്ഞ് നടക്കുകയെന്നതും അതിന്റെ പാഠമല്ല. അത് പറയുന്നു. വത്തവാസൗബിസ്സബിരി വതവാസൗബിൽ മർഹമ. ക്ഷമയോടും ദയയോടും കൂടി അവർ ഉപദേശിക്കുന്നു. മർഹമ എന്നു പറയുന്നത് മറ്റുള്ളവരുടെ ന്യൂനത കണ്ടാൽ അവരെ ഉപദേശിക്കുകയെന്നതാണ്. അവർക്കുവേണ്ടി പ്രാർത്ഥിക്കുകയെന്നതാണ്. ദുആക്ക് വലിയ സ്വാധീനശക്തിയുണ്ട്. ഒരു ന്യൂനതയെക്കുറിച്ച് നൂറുപേരോട് പറയുകയും എന്നാൽ ഒരിക്കൽ പോലും ദുആ ചെയ്യാതിരിക്കുകയും ചെയ്യുന്നവൻ പരിതാപം അർഹിക്കുന്നവനാണ്. ആരുടെയെങ്കിലും ന്യൂനത വെളിപ്പെടുത്തണമെങ്കിൽ കുറഞ്ഞത് അതിനുമുമ്പേ 40 ദിവസം അവനുവേണ്ടി കരഞ്ഞ് കരഞ്ഞ് പ്രാർത്ഥിക്കേണ്ടതാണ്. ഇവിടെ സഅ്ദി പറഞ്ഞകാര്യം വീണ്ടും ആവർത്തിച്ച് പറഞ്ഞിരിക്കുന്നു. അതായത് അല്ലാഹു തആല എല്ലാ കാര്യങ്ങളും അറിഞ്ഞുകൊണ്ട് ന്യൂനതകൾ മറച്ച് വയ്ക്കുന്നു. എന്നാൽ അയൽവാസിക്ക് ഒരു വിവരവുമില്ല. അവൻ ഒച്ചയും ബഹളവുമുണ്ടാക്കി നടക്കുന്നു. അല്ലാഹുവിന്റെ പേരാണ് സത്താർ. നിങ്ങൾ തഖല്ലഖൂബി അഖ്‌ലാഖില്ലാഹ് ആകേണ്ടതാണ്. (അതായത് അല്ലാഹുവിന്റെ ഉൽകൃഷ്ട ഗുണങ്ങൾ സ്വായത്തമാക്കേണ്ടകതാണ്.) ന്യൂനതകളെ സഹായിക്കുകയെന്നതല്ല നമ്മുടെ ഉദ്ദേശ്യം. പ്രത്യുത, അത് പ്രചരിപ്പിക്കാൻ പാടില്ല. ന്യൂനതകൾ പ്രചരിപ്പിക്കുന്നതും പരദൂഷണം പരത്തുന്നതും പാപമാണെന്ന് അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു. സഅ്ദിക്ക് രണ്ടു ശിഷ്യന്മാരുണ്ടായിരുന്നു. (സംഭവം അവിടന്ന് വിവരിക്കുന്നു.) ഒരാൾ സത്യങ്ങളും ഈശ്വരജ്ഞാനങ്ങളും വിവരിക്കുമായിരുന്നു. അയാൾ കൂടുതൽ അർഹനായിരുന്നു. അയാൾക്ക് കൂടുതൽ മനസ്സിലാകുമായിരുന്നു. ഇതരന് അത്രയും മനസ്സിലാകുമായിരുന്നില്ല. ആദ്യത്തെയാൾ പറഞ്ഞു: ഞാൻ എന്തെങ്കിലും പറയുമ്പോൾ ഇതരൻ അസൂയപ്പെടുകയും കോപിക്കുകയും ചെയ്യുന്നു. ശേഖ് സഅ്ദി പറഞ്ഞു. അവൻ അസൂയപ്പെട്ട് നരകത്തിലേക്ക് പോയി. നീയാണെങ്കിൽ പരദൂഷണം പറഞ്ഞ് നരകത്തിലേക്ക് പോകുന്നു.

ചുരുക്കത്തിൽ ദയയും ദുആയും സത്താരിയും മർഹമയും ഉണ്ടാകാത്തിടത്തോളം ഈ പരമ്പര മുന്നോട്ടു പോകുകയില്ല.

വീണ്ടും അവിടന്ന് പറഞ്ഞു: ഏതെങ്കിലും സഹോദരന്റെ ന്യൂനത കണ്ടാൽ ജമാഅത്ത് അവനുവേണ്ടി ദുആ ചെയ്യേണ്ടതാണ്. എന്നാൽ അവർ ദുആ ചെയ്യുന്നില്ലെങ്കിൽ, ഈ ന്യൂനത പറഞ്ഞ് നടക്കുകയാണെങ്കിൽ പാപമാണ് ചെയ്യുന്നത്. അകറ്റാൻ കഴിയാത്ത ന്യൂനത എന്താണുള്ളത്? അതുകൊണ്ട് എപ്പോഴും ദുആ മുഖേന മറ്റു സഹോദരന്മാരെ സഹായിക്കേണ്ടതാണ്.

അതുകൊണ്ട് ഈ അവസ്ഥ കാണാനാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) ആഗ്രഹിക്കുന്നത്. ഈ അവസ്ഥയാണ് നാം ഉള്ളിൽ ഉണ്ടാക്കേണ്ടതും ഇൻശാഅല്ലാഹ്. ജമാഅത്ത് ചില ത്യാഗങ്ങളിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ മുന്നിലായിരുന്നിട്ടും അന്തസ്സിലും അഭിമാനത്തിലും വളരെ നല്ലനിലയിലായിരുന്നിട്ടും ചില ചെറിയ ചെറിയ തിന്മകളുണ്ട്. അതിലൊന്ന് മറ്റുള്ളവന്റെ ന്യൂനത കണ്ട് അത് പ്രചരിപ്പിക്കുകയെന്നതാണ്. ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടത് വളരെ വലിയ ആവശ്യമാണ്. കാരണം നബി(സ)യുടെ കാലത്തുനിന്നും അകന്നുപോകുന്തോറും നബി(സ)യിൽനിന്ന് നേരിട്ട് ശിക്ഷണം ലഭിച്ചയാളുകളും മെല്ലെ മെല്ലെ കുറഞ്ഞുപോകുന്നു. ഇപ്പോൾ എല്ലാവരും പോയിക്കഴിഞ്ഞിരിക്കുന്നു. പിന്നീട് ആ തർബിയ്യത്ത് കിട്ടിയ സഹാബിമാരിൽനിന്നും തർബിയ്യത്ത് കിട്ടിയവരും കുറയാൻ തുടങ്ങുന്നു. ജമാഅത്തിൽ പുതുതായി വരുന്നവരുടെ വർധനയും വേഗത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇത്തരം ഘട്ടങ്ങളിൽ ദുആയും ഇസ്തിഗ്ഫാറും കൊണ്ട് ഇക്കാര്യങ്ങളിലേക്ക് കൂടുതൽ ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. അതുകൊണ്ട് ഇക്കാര്യങ്ങൾ നിസ്സാരമായി മനസ്സിലാക്കരുത്. മറിച്ച്, ദീനിന്റെ ഓരോ കല്പനയും അത് ചെറുതാവട്ടെ വലുതാവട്ടെ കല്പനയെന്നുകരുതി നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കണം. അങ്ങനെയാക്കിത്തീർക്കാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹു നമുക്കെല്ലാം അതിനു തൗഫീഖ് നല്കുമാറാകട്ടെ.

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**PHONE : 98465 02288**

**JUMUA KHUTHBA**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 19 - 11 - 2004 at**
**Baithul Futuh, London.**

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്